**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** **17-09-2025 - ൽ മറുപടിയ്ക്ക്**

**ബ്രൂവറികൾക്ക് ഏർപ്പെടുത്തിയ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്രൂവറികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ടേൺ ഓവർ നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്രൂവറികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ടേൺ ഓവർ നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല. |
| (ബി) | ഇന്ത്യൻ ബ്രൂവറി അസോസിയേഷനും അതിലെ അംഗങ്ങളും കേരള ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ, ബഹു. ധനകാര്യ മന്ത്രി ഈ വിഷയത്തിൽ ചർച്ചയ്ക്കുള്ള താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും ഇതിനായി യോഗം നിശ്ചയിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇന്ത്യൻ ബ്രൂവറി അസോസിയേഷനും അതിലെ അംഗങ്ങളും കേരള ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ സത്യവാങ്മൂലം ശരിയാണോ; വ്യക്തമാക്കുമോ; | (സി) | ഇന്ത്യൻ ബ്രൂവറി അസോസിയേഷനും അതിലെ അംഗങ്ങളും കേരള ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ബ്രൂവറികളുടെ ടേൺ ഓവർ നികുതി ഒഴിവാക്കുന്നതിനായി ഇതുവരെ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ; | (ഡി) | തീരുമാനം എടുത്തിട്ടില്ല |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ജി.എസ്.ടി. കമ്മീഷണർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ജി.എസ്.ടി. കമ്മീഷണർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ